# പതിമൂന്നാം കേരള നിയമസഭ
## ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2980 — 15.02.2013ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹൈക്കോടതി നിർദ്ദേശിച്ച തനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം വർഷവും രണ്ടാം വർഷവും 25 ശതമാനവും മൂന്നാം വർഷം 30 ശതമാനവും നാലാം വർഷം 35 ശതമാനവും വിജയം ഇല്ലാത്ത കോളേജുകൾ നടത്തുന്ന കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ, എയിഡഡ്, സ്വാശ്രയ കോളേജുകളുടെ നിലവാരം പ്രത്യേകമായി അവലോകനം ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | വളരെ പിന്നോക്കമുള്ളവ ഏത് മേഖലയിലാണെന്ന് അറിയിക്കുമോ; | (സി) | സർക്കാർ, എയിഡഡ് മേഖലയിലുള്ള സ്ഥാപനങ്ങൾ പൊതുവേ മികച്ച നിലവാരം പുലർത്തുന്നവയാണ്. |
| (ഡി) | അവലോകനത്തെ തുടർന്നുള്ള നടപടികളിൽ മാനേജ്മെന്റുകൾക്കുവേണ്ടി പിന്നീട് നടത്തിയ ഇളവുകൾ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുള്ളതായി അറിയാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്നുള്ള അവലോകനത്തിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇത്തരം മാനേജ്മെന്റുകൾക്കെതിരെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഇ) | സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠന നിലവാരം ഉയർത്തുന്ന തിനുവേണ്ടി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാപനമേധാവികളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11-01-2013-ലെ G.O.(Rt) No.44/13/ H.Edn, 31-01-2013-ലെ G.O.(Rt) No.140/13/H.Edn. എന്നീ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ